**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 783** **30-01-2024 - ൽ മറുപടിയ്ക്ക്**

**കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി.**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. മമ്മിക്കുട്ടി | | ശ്രീ. വി.എൻ വാസവൻ<br>(തുറമുഖം - സഹകരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് സഹകരണ മേഖലയിൽ ആശാസ്യമല്ലാത്ത പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നവരെ നിയമത്തിനു മുന്നിൽ കൊണ്ടുവരുന്നതിന് സഹകരണ നിയമത്തിൽ എന്തെല്ലാം ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | (എ) | കേരള സഹകരണ സംഘം (മൂന്നാം ഭേദഗതി) ബിൽ, 2022 ൽ ചുവടെ പറയുന്ന ഭേദഗതി വരുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്. തുടർച്ചയായി മൂന്ന് തവണയിലധികം ഒരു അംഗം വായ്പാ സംഘങ്ങളുടെ കമ്മിറ്റി അംഗമായി തെരഞ്ഞെടുക്കപ്പെടാൻ പാടില്ല, ഒരു വ്യക്തി ഒരേ തരത്തിലുള്ള ഒന്നിലധികം സംഘങ്ങളിൽ ഭരണസമിതി അംഗമാകാൻ പാടില്ല എന്ന വ്യവസ്ഥയോടൊപ്പം വ്യത്യസ്ത തരത്തിലുള്ള രണ്ടിലധികം സംഘങ്ങളിൽ ഭാരവാഹി ആകാൻ പാടില്ല.<br><br>സംഘങ്ങളുടെ വാർഷിക പൊതുയോഗത്തിൽ ഭരണസമിതി അംഗങ്ങളുടെയും ജീവനക്കാരുടെയും അവരുടെ കുടുംബാംഗങ്ങളുടെയും സംഘത്തിലുള്ള ബാദ്ധ്യതകൾ സമർപ്പിക്കണം.<br><br>വ്യക്തികൾക്ക് കടം വാങ്ങാവുന്ന പരിധി ലംഘിച്ച് ഏതെങ്കിലും സംഘം വായ്പ അനുവദിച്ചാൽ പ്രസ്തുത നിയമലംഘനത്തിന് സംഘത്തിന്റെ ചീഫ് എക്സിക്യൂട്ടീവും ഭരണസമിതിയും ഉത്തരവാദികളായിരിക്കുമെന്നും ആയതിന് നിയമനടപടി സ്വീകരിക്കുന്നതിനും വ്യവസ്ഥ ചെയ്യുന്നു.<br><br>എല്ലാ അപ്പെക്സ് സംഘങ്ങളുടെയും അർബൻ ബാങ്കുകളുടെയും സാമ്പത്തിക ആഡിറ്റ് ചുമതലപ്പെട്ട ആഡിറ്റിംഗ് ഫേം നിർവ്വഹിക്കണമെന്നും, ഭരണപരമായ ആഡിറ്റ് വകുപ്പുതല ആഡിറ്റർമാർ നിർവ്വഹിക്കണമെന്നും വ്യവസ്ഥ ചെയ്യുന്നു. ആഡിറ്റുകളിൽ ഏതെങ്കിലും തരത്തിലുള്ള ക്രമക്കേടുകൾ ശ്രദ്ധയിൽപ്പെട്ടാൽ പ്രത്യേക റിപ്പോർട്ട് തയ്യാറാക്കി സഹകരണ ആഡിറ്റ് ഡയറക്ടർക്കും രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതാണ്. റിപ്പോർട്ട് ചെയ്യുന്ന ക്രമക്കേടുകൾ സഹകരണസംഘം രജിസ്ട്രാർ നേരിട്ടോ ആഡിറ്റ് ഡയറക്ടർ |

രജിസ്ട്രാറുമായി കൂടിയാലോചിച്ചോ പരിശോധനയ്ക്കായി പോലീസിനോ വിജിലൻസ് ഓഫീസർക്കോ റിപ്പോർട്ട് ചെയ്യണമെന്ന് വ്യവസ്ഥ ചെയ്യുന്നു.

സംഘങ്ങളുടെ ആഡിറ്റിൽ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തന വൈകല്യം ശ്രദ്ധയിൽപ്പെട്ടാൽ ഭരണസമിതി ആയത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആഡിറ്റ് റിപ്പോർട്ടും പരിഹരണ റിപ്പോർട്ടും പൊതുയോഗത്തിന് മുമ്പാകെ സമർപ്പിക്കേണ്ടതും തുടർന്ന് ആഡിറ്റ് ഡയറക്ടർക്കും സഹകരണസംഘം രജിസ്ട്രാർക്കും സമർപ്പിക്കേണ്ടതുമാണ്.

സംഘത്തിന്റെ കണക്കുകൾ തയ്യാറാക്കുന്നതിന് ആധുനിക അക്കൗണ്ടിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടുണ്ട്. സഹകരണ ആഡിറ്റ് ഡയറക്ടറോ അദ്ദേഹം ചുമതലപ്പെടുത്തിയ ആഡിറ്ററോ ഏതെങ്കിലും ഒരു സംഘത്തിൽ ഏതെങ്കിലും ഒരു വ്യക്തി നിയമനടപടികളിൽ നിന്ന് ഒഴിവാകുന്നതിനായി സംഘം രേഖകളിൽ കൃത്രിമം കാണിക്കുകയോ നശിപ്പിക്കുകയോ ചെയ്തതായി ശ്രദ്ധയിൽപ്പെട്ടാൽ രജിസ്ട്രാറുമായോ രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനുമായോ കൂടിയാലോചന നടത്തി പോലീസിനോ വിജിലൻസ് ഓഫീസർക്കോ സമർപ്പിക്കുന്നതിനായി നിയന്ത്രണ ഉദ്യോഗസ്ഥന് സമർപ്പിക്കേണ്ടതാണ്.

അന്വേഷണ റിപ്പോർട്ടിന്റെ ഭാഗമായി ക്രമക്കേട് നടത്തിയ തുകയും നഷ്ടോത്തരവാദിത്വവും നിർണ്ണയിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു. അന്വേഷണത്തിൽ ക്രിമിനൽ നടപടിക്രമം പ്രകാരമുള്ള കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെടുന്നപക്ഷം ഒരു പ്രത്യേക റിപ്പോർട്ട് തയ്യാറാക്കേണ്ടതും രജിസ്ട്രാർക്ക് സമർപ്പിക്കേണ്ടതും രജിസ്ട്രാർ ആയത് ഉടൻ തന്നെ പോലീസിനോ വിജിലൻസ് ഓഫീസർക്കോ വിശദപരിശോധനയ്ക്കായി കൈമാറേണ്ടതാണ്.

ക്രമക്കേട്, പണാപഹരണം, ആസ്തി ബാദ്ധ്യതകൾ നഷ്ടപ്പെടുത്തൽ എന്നിവ വെളിവായാൽ ഇത്തരത്തിൽ സംഘത്തിനുണ്ടായ നഷ്ടം ഈടാക്കുന്നതിന് രജിസ്ട്രാറോ രജിസ്ട്രാർ ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥനോ നഷ്ടം തിട്ടപ്പെടുത്തി പ്രസ്തുത നഷ്ടം ഈടാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതാണ് എന്ന് വ്യവസ്ഥ ചെയ്യുന്നു.

| | | | |
|---|---|---|---|
| | | | അപ്പെക്സ്, സെൻട്രൽ, ഫെഡറൽ സൊസൈറ്റികളിൽ പരിശോധന നടത്തുന്നതിനായി പ്രത്യേക ഇൻസ്പെക്ഷൻ ടീം രൂപീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.<br><br>വായ്പാ പ്രവർത്തനം നടത്തുന്ന എല്ലാ സഹകരണ സംഘങ്ങളും ആയത് സംബന്ധിച്ച ത്രൈമാസ റിപ്പോർട്ട് രജിസ്ട്രാർക്ക് സമർപ്പിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു, ആയത് വീഴ്ച വരുത്തുന്നവർക്കെതിരെ 10,000 രൂപ വരെ പിഴ ഈടാക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യുന്നു.<br><br>1860 ലെ ഇൻഡ്യൻ ശിക്ഷാ നിയമപ്രകാരമോ 1988 ലെ അഴിമതി നിരോധന നിയമപ്രകാരമോ ഉള്ള കുറ്റകൃത്യങ്ങൾ സഹകരണ സംഘങ്ങളിൽ നടന്നതായി ബോദ്ധ്യപ്പെട്ടാൽ സർക്കാരിനോ രജിസ്ട്രാർക്കോ തുടർ അന്വേഷണം നടത്തുന്നതിനായി പോലീസിനോ വിജിലൻസിനോ നൽകാവുന്നതാണെന്നും അഴിമതി നിരോധന പ്രകാരമുള്ള കേസുകളിൽ ഉത്തരവാദപ്പെട്ടവർക്കെതിരെ അന്വേഷണാനുമതി നൽകുന്നതിനുള്ള അധികാരം സർക്കാരിനും രജിസ്ട്രാർക്കും ആയിരിക്കുമെന്നും വ്യവസ്ഥ ചെയ്യുന്നു. |
| (ബി) | സഹകരണരംഗത്ത് വലിയ മാറ്റങ്ങൾക്ക് വഴിയൊരുക്കുന്ന കെയർഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവയുടെ വിവരം വിശദമാക്കാമോ? | (ബി) | കെയർ ഹോം പദ്ധതി, സഹകരണ എക്സ്പോ, പുനർജനി പദ്ധതി എന്നിവയുടെ വിവരം ചുവടെ ചേർക്കുന്നു.<br><br><u>കെയർ ഹോം പദ്ധതി</u><br><br>2018 ൽ സംസ്ഥാനത്ത് ഉണ്ടായ പ്രളയദുരന്തത്തിൽ സമ്പൂർണ്ണമായും വീട് നഷ്ടപ്പെട്ടവർക്ക് സഹകരണ സംഘങ്ങളുടെ സഹായത്തോടെ വീട് നിർമ്മിച്ച് നൽകുന്ന പദ്ധതിയാണ് കെയർ ഹോം. കെയർ ഹോം പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ സംസ്ഥാനത്തൊട്ടാകെ 2092 വീടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്.<br><br>2018 ലും 2019 ലും ഉണ്ടായ വെള്ളപ്പൊക്കത്തിലും പ്രകൃതിക്ഷോഭത്തിലും വീടും സ്ഥലവും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി സംസ്ഥാനത്തെ 14 ജില്ലകളിലും ലൈഫ് മിഷൻ നിർദ്ദേശിച്ച സ്ഥലത്ത് ഭവനസമുച്ചയങ്ങൾ നിർമ്മിച്ചു നൽകുന്നത് ലക്ഷ്യം വച്ചുകൊണ്ട് കെയർ ഹോം പദ്ധതിയുടെ രണ്ടാം ഘട്ടം ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. 40 കുടുംബങ്ങൾക്ക് താമസിക്കാൻ കഴിയുന്ന ആദ്യ ഭവനസമുച്ചയം തൃശ്ശൂർ ജില്ലയിലെ പഴയന്നൂരിൽ |

നിർമ്മാണം പൂർത്തീകരിച്ച് ഗുണഭോക്താക്കൾക്ക് കൈമാറിയിട്ടുണ്ട്. പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ ഭവനസമുച്ചയങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. മറ്റു ജില്ലകളിൽ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ടിട്ടുള്ള പ്രാഥമിക പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

സഹകരണ എക്സ്പോ

സഹകരണ വകുപ്പിന്റെ ആഭിമുഖ്യത്തിൽ എറണാകുളം മറൈൻഡ്രൈവ് മൈതാനത്ത് വച്ച് രണ്ട് സഹകരണ എക്സ്പോകൾ വിജയകരമായി സംഘടിപ്പിക്കുകയുണ്ടായി. സഹകരണ മേഖല കൈവരിച്ച നേട്ടങ്ങളും ഉയർത്തിപ്പിടിക്കുന്ന ബദൽ മാതൃകയും ഉൽപ്പാദന രംഗത്തെ ശ്രദ്ധേയമായ ചുവടുവയ്പുകളും പൊതു സമൂഹത്തിനു മുന്നിൽ കൊണ്ടു വരിക, സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾ പ്രദർശിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുക, അന്തർദേശീയ, ദേശീയ, സംസ്ഥാന തലങ്ങളിൽ സഹകരണ പ്രസ്ഥാനം കൈവരിച്ചിട്ടുള്ള നേട്ടങ്ങൾ, ഏറ്റെടുത്ത വെല്ലുവിളികൾ, നടപ്പിലാക്കി വരുന്ന ജനപ്രിയ പ്രവർത്തനങ്ങൾ എന്നിവ ജനങ്ങളിൽ എത്തിക്കുക, സംസ്ഥാനത്തെ സഹകരണ മാതൃകകൾ ആഗോള, ദേശീയ തലത്തിൽ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് സ്ഥാനംഉറപ്പിയ്ക്കുക, കൂടുതൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണത്തിലേയ്ക്ക് അവരെ കൊണ്ടെത്തിയ്ക്കുക, കേരളത്തിലെ സഹകരണ ഉൽപ്പന്നങ്ങളുടെ ഏകീകൃത ബ്രാൻഡ് ആയ **coopkerala** ബ്രാൻഡ് കൂടുതൽ പൊതുജനങ്ങളെ പരിചയപ്പെടുത്തുക, സഹകരണ മേഖലയിലെ പുതിയ ആശയങ്ങളുടെ പ്രൊഫഷണലിസവും സാങ്കേതിക വിദ്യയും പരിചയപ്പെടുത്തുക, കേരളത്തിലെ സഹകരണ മേഖലയിൽ നിന്നുള്ള ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും ആഗോള വിപണി ലക്ഷ്യമിട്ട് നിലവാരമുള്ള മാർക്കറ്റ് വ്യാപനം നടത്തുക, സമ്പുഷ്ടമായ കേരള ഉപഭോക്തൃ വിപണിയിൽ സഹകരണ ഉൽപ്പന്നങ്ങൾക്കും സേവനങ്ങൾക്കും വർദ്ധിച്ച സാന്നിധ്യം ഉണ്ടാക്കുക, സഹകരണ മേഖലയിലെ കാലിക പ്രസക്തിയുള്ള വിവിധ വിഷയങ്ങളെക്കുറിച്ച് സെമിനാറുകളും ചർച്ചകളും സംഘടിപ്പിക്കുക, തുടങ്ങിയ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് സഹകരണ എക്സ്പോ സംഘടിപ്പിച്ചിട്ടുള്ളത്.

പുനർജ്ജനി പദ്ധതി

| | | | |
|---|---|---|---|
| | | | സംസ്ഥാനത്തെ പ്രവർത്തനക്ഷമമായ എല്ലാ പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങളേയും സ്വയം പര്യാപ്തമായ നിലയിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളാക്കി മാറ്റുന്നതിനും, അംഗങ്ങൾക്ക് സ്ഥിരമായി തൊഴിലും വരുമാനവും ഉറപ്പാക്കുന്നതിനുമുള്ള സമഗ്ര പദ്ധതിയാണ് പുനർജ്ജനി. സഹകരണ വകുപ്പിന്റെ സംസ്ഥാന പദ്ധതിയിൽ ഉൾപ്പെടുത്തി പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾക്ക് ധനസഹായം എന്ന പദ്ധതിയിൽ നിന്നാണ് പുനർജ്ജനി പദ്ധതിയ്ക്ക് ധനസഹായം അനുവദിച്ച് നൽകുന്നത്. |

സെക്ഷൻ ഓഫീസർ